ൻപതിനും ഒൻപതരമണിക്കും ഇടയ്ക്ക് സിറ്റിക്കകത്തുള്ള പ്രധാനപ്പെട്ട തിരക്കുള്ള കേന്ദ്രങ്ങളിൽ നിന്ന് 'Ladies only' ബസ്സുകൾ ഓടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഇങ്ങനെ പലപ്പോഴും ഓടിച്ചുനോക്കിയിട്ടുള്ളതാണ്, അതൊരു പരാജയമാണ്. അതിന്റെ മനഃശാസ്ത്രം എന്താണെന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ.

(2) കരിമ്പുകൃഷിക്കാരുടെ ബുദ്ധിമുട്ടുകളും പഞ്ചസാര ഫാക്ടറികൾ നേരിടുന്ന സാമ്പത്തികപ്രശ്നവും.

ശ്രീ. ടി. എസ്. ജോൺ: സർ, നമ്മുടെ സംസ്ഥാനത്ത് ഉള്ള കരിമ്പ്കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കരിമ്പ്കൃഷി വർഷം കഴിയുന്തോറും കുറഞ്ഞുവരുന്നു; ഇത് ആകർഷകമല്ലാത്ത ഒരു കൃഷിയായി മാറിയിരിക്കുകയാണ്. 10 വർഷത്തിനുമുമ്പ് ഏതാണ്ട് 15,000 ത്തിൽക്കൂടുതൽ ഹെക്ടർ സ്ഥലത്ത് കരിമ്പ്കൃഷി ചെയ്തിരുന്നുവെങ്കിൽ 1985–86 കാലഘട്ടത്തിൽ അത് ഏഴായിരത്തിൽപരം ഹെക്ടർസ്ഥലത്ത് മാത്രമായി ചുരുങ്ങി. തിരുവല്ല പി.ആർ.എഫിന്റെ കീഴിൽ 1970 കാലഘട്ടത്തിൽ പതിനായിരത്തിൽപരം ഏക്കറിൽ കരിമ്പ് കൃഷിയുണ്ടായിരുന്നു, എന്നാൽ ഈ വർഷം അത് 2,300 ഏക്കർ സ്ഥലത്ത് മാത്രമായി മാറിയിരിക്കുകയാണ്. അതായത് ഒരുലക്ഷത്തി അറുപത്തിരണ്ടായിരം ടൺ കരിമ്പായിരുന്നു 1970–ൽ തിരുവല്ലയിൽ മാത്രം ഉൽപ്പാദിപ്പിച്ചിരുന്നതെങ്കിൽ ഇന്ന് വെറും 19,000 ടൺ കരിമ്പായി കുറഞ്ഞിരിക്കുകയാണ്. ഇതാണ് ചിറ്റൂർ ഏരിയായിലെ സ്ഥിതി. അതുപോലെതന്നെ നമ്മൾ ഉൽപ്പാദിപ്പിക്കുന്ന കരിമ്പിനു ഷുഗർകണ്ടെന്റ് കുറവാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഒരേക്കറിൽനിന്ന് 50 ടൺ കരിമ്പ് ശരാശരി ഉൽപ്പാദിപ്പിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഇരുപത്, ഇരുപത്തിയഞ്ച് ടൺ കരിമ്പ് മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ചിറ്റൂർ ഫാക്ടറിയിൽ രണ്ടുമാസത്തെ വർക്കിനുള്ള കരിമ്പ് മാത്രമേ നമുക്ക് കിട്ടുന്നുള്ളൂ. തിരുവല്ലയിലാണെങ്കിൽ വെറും ഒരുമാസത്തെ വർക്ക് മാത്രമേ നടക്കുന്നുള്ളൂ. അതിനാവശ്യമുള്ള കരിമ്പേ നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. പന്തളത്തെ ഫാക്ടറി പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. അതിന്റെ പ്രധാനമായ കാരണം കൃഷിക്കാർക്ക് ഉൽപ്പാദനച്ചെലവിനു അനുസൃതമായ വില ലഭ്യമാകുന്നില്ലായെന്നുള്ളതു മാത്രമാണ്.

കരിമ്പ്കൃഷി നഷ്ടത്തിൽ പോകുന്നതിന്റെ പ്രധാനകാരണങ്ങൾ പലതാണ്. നല്ലയിനം തൈകൾ സമയത്തിന് കൊടുക്കാൻ കഴിയാതെവരിക, യഥാവസരം മണ്ണ് പരിശോധിച്ച് ഏതു വളം ഇടണമെന്ന് കൃഷിക്കാരെ ബോദ്ധ്യപ്പെടുത്താതിരിക്കുക, വളം ഏർപ്പാട് ചെയ്യാതിരിക്കുക, ജലസേചനസൗകര്യങ്ങളില്ലാതിരിക്കുക എന്നിങ്ങനെയുള്ള കാരണങ്ങളാണ്. കരിമ്പ് കൃഷിയെ സംബന്ധിച്ചിടത്തോളം ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ നല്ലയിനം തൈകൾ സപ്ലൈ ചെയ്യുകയും കാലാകാലങ്ങളിൽ വെള്ളം കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. 'Irrigate or perish' എന്നാണ് കരിമ്പുകൃഷിയെ സംബന്ധിച്ചുള്ള മുഖ്യമായ മുദ്രാവാക്യം. ഇറിഗേറ്റ് ചെയ്യാൻ കഴിയുന്നില്ലായെങ്കിൽ കരിമ്പ് കൃഷി ചെയ്യാതിരിക്കുക. അതേസമയം മറ്റ് സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലുമെല്ലാം ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് നെൽക്കൃഷിക്ക് മൈനർ ഇറിഗേഷൻസ്കീം വ്യാപകമാക്കിയിട്ടുള്ളതുപോലെ ലിഫ്റ്റ് ഇറിഗേഷൻപദ്ധതി കരിമ്പുകൃഷിക്കുകൂടി വ്യാപകമാക്കുകയാണെങ്കിൽ തീർച്ചയായും ഇത് അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

അതുപോലെ തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള ബന്ധവും മെച്ചപ്പെടുത്തേണ്ടതായുണ്ട്. അതിന് ഐ.ആർ.സി. മുതലായ കമ്മിറ്റികൾക്ക് രൂപം കൊടുക്കണം. ഒരു ടൺ കരിമ്പ് ആട്ടുകയാണെങ്കിൽ നാലുപാട്ട ശർക്കര കിട്ടും. ഒരു പാട്ട ശർക്കരക്ക് 125 രൂപയാണ് വില. അതേ സമയം ആട്ടാൻ കൊടുത്താൽ കരിമ്പിന് 500 രൂപ കിട്ടുന്നു. സർക്കാർ കൊടുക്കുന്ന വില 205 രൂപയാണ് തിരുവല്ലായിൽ. ചിറ്റൂർ കൊടുക്കുന്നത് 250 രൂപയാണ്. ഉൽപ്പാദനച്ചെലവിന് അനുസൃതമായ വില കരിമ്പിന് നിജപ്പെടുത്തി കൃഷിക്കാർക്ക് കൊടുക്കാനും കൃഷിക്കാരെ സഹായിക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, ഉൽപ്പാദനച്ചെലവിന് അനുസൃതമായ വില കരിമ്പിന് ലഭിക്കാത്തതുമൂലം കർഷകർ പ്രയാസം അനുഭവിക്കുന്നു എന്നുള്ളത് ശരിയാണ്. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കരിമ്പിന്റെ 75 ശതമാനവും പഞ്ചസാര ഫാക്ടറികൾക്ക് കൊടുക്കേണ്ടതാണ്. ഒരുഹെക്ടർ സ്ഥലത്ത് പുതുതായി കരിമ്പ് കൃഷി ചെയ്യുന്നതിന് 12,000 രൂപ ചെലവാകും. റെട്ടൂൺ കരിമ്പ് കൃഷിക്ക് 8,000 രൂപമാത്രമേ ചെലവാകൂ. കേന്ദ്രഗവൺമെന്റാണ് വർഷംതോറും കരിമ്പിന്റെ തറവില നിശ്ചയിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ വ്യവസായവകുപ്പ് അതാത് ഫാക്ടറിമേഖലയിലെ കരിമ്പിന് വില പുതുക്കി നിശ്ചയിക്കുന്നു. 1985–86–ൽ കരിമ്പിന്റെ വില ടണ്ണിന് ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് തിരുവല്ല 205 രൂപയും, കോ–ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ 250 രൂപയും വില നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന തറവില ടണ്ണിന് 80 രൂപയാണ്. കേരളത്തിലെ കരിമ്പ്കൃഷിക്കാരുടെ പ്രയാസങ്ങളെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധിച്ചതിനുശേഷം ഫലപ്രദമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ടി. എസ്. ജോൺ: കരിമ്പ്കൃഷിക്കാരെ സഹായിക്കുന്നതിനുള്ള സൗകര്യം ഇന്ന് ഉണ്ടാക്കിയിട്ടില്ല. കൃഷി, ഇൻഡസ്ട്രീസ്, ഇറിഗേഷൻ ഈ ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ച് എന്തെങ്കിലും, സമഗ്രമായ പദ്ധതി ആരംഭിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇപ്പോഴും കൊടുത്തു കൊണ്ടിരിക്കുന്ന ചില സഹായങ്ങളുണ്ട്. അതുമാത്രംകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ലായെന്ന് ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ട്. അതേക്കുറിച്ച് വിശദമായി പരിശോധിക്കുന്നുമുണ്ട്.

III. സബ്മിഷൻ

(1) മൂവാറ്റുപുഴ ജില്ലാ ട്രഷറി

ശ്രീ. വി. വി. ജോസഫ്: സർ, എറണാകുളം ജില്ലാ ട്രഷറി ആരംഭിച്ചിട്ട് ഒരു വർഷത്തോളമായി. എങ്കിലും അവിടെ ആവശ്യമായ സ്റ്റാഫ് ഇല്ലാത്ത വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എറണാകുളം ജില്ലയിൽ 14 സബ് ട്രഷറികളുള്ളതുകൊണ്ട് എറണാകുളത്തെ തിരക്ക് ഒഴിവാക്കാൻ വേണ്ടിയാണ് മൂവാറ്റുപുഴയിൽ

LIBRARY ARCHIVES Kerala Legislative Assembly